**File No.TCPCTP/3032/2019-C2**

**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം-സാങ്കേതികവിഭാഗം-തൃശ്ശൂർ ജില്ല -ചേർപ്പ് ഗ്രാമപഞ്ചായത്ത് ഊരകം വില്ലേജ് പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ചേർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/09/2019, 21/10/2019, 27/12/2019 തീയതികളിലെ A2/7008/2019 നമ്പർ കത്ത്.

2. തൃശ്ശൂർ ടൗൺ പ്ലാനറുടെ 21/11/2019, 24/01/2020 തീയതികളിലെ യഥാക്രമംTCPTSR/2028/2019/C1 Kdis, TCPTSR/11/2020-C1 നമ്പർ കത്തുകൾ.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. **TCPCTP/3032/19-C2** തീയതി:**12/02/2020**

---

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഊരകം വില്ലേജിൽ റീ സർവ്വേ നമ്പർ 261/9 (പുരയിടം) 261/12 (നിലം) എന്നിവയിൽ ഉൾപ്പെട്ട 20.83 ആർ ഭൂമിയിൽ നിന്നും (16.59are + 4.24 are) പുരയിടമായ 16.59 are സ്ഥലത്തു 200.90 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾപമ്പ് (Canopy area - 160 ച.മീ+ Sales Building - 40.90 ച.മീ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജോസഫ്, കാട്ടുക്കാരൻവീട്, ഒല്ലൂർ എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.2011 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ്

നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. നിർമ്മാണം 1976 -ലെ പെട്രോളിയം റൂൾസിന് അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :34/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
ചേർപ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ- 680561

പകർപ്പ്:-

1. ശ്രീ.ജോസ്.കെ,, കാട്ടുക്കാരൻവീട്, 204, ഒല്ലൂർ, തൃശ്ശൂർ-680306
2. ടൗൺ പ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

SK12022020